നം.കെഎസ്എ-കെടിഎം.പി.5-1208/2017 തീയതി- 07.08.2017

# കോട്ടയം ജില്ലയിലെ ചിറക്കടവ് ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ ചിറക്കടവ് ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.12.2016 മുതൽ 07.07.2017 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 14 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ 17.07.2017-ൽ നടന്ന ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ സാബു ജോസഫ്, ഡെപ്യൂട്ടി ഡയറക്ടർ. | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 10.07.2017 മുതൽ 17.07.2017 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. പ്രസാദ് പി. ജി. | ഓഡിറ്റ് ഓഫീസർ |
| | ശ്രീ.സജി.പി.ആർ. | ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.ലേഖ.വി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ .മുഹ്സിൻ ഫൈസൽ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ .ബാബുരാജ്.കെ.എം. | ഓഡിറ്റർ |

നിർവഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി അഡ്വ.ജയ ശ്രീധർ | 01.04.2016 മുതൽ 31.03.2017 വരെ |
| സെക്രട്ടറി | ശ്രീമതി ഗിരിജാകുമാരി അയ്യപ്പൻ, സെക്രട്ടറി ഇൻ ചാർജ് | 01.04.2016 മുതൽ 18.08.2016 വരെ |
| | ശ്രീ.പി.എച്ച്.ഷാജിഹാൻ, സെക്രട്ടറി ഇൻ ചാർജ് | 19.08.2016 മുതൽ 20.12.2016 F.N വരെ |
| | ശ്രീ.രാധാകൃഷ്ണൻ നായർ | 20.12.2016 A.N.മുതൽ 31.03.2017 വരെ |

മറ്റ് നിർവഹണോദ്യോഗസ്ഥർ

| | | |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി ബസ്സി വർഗീസ് | 01.04.2016 -31.03. 2017 |
| അസി.സെക്രട്ടറി | ശ്രീമതി ഗിരിജാകുമാരി അയ്യപ്പൻ. | 01.04.2016 -18.08.2016 |
| | ശ്രീ.ഷാജിഹാൻ.പി.എച്ച്. | 19.08.2016 -31.03.2017 |
| വെറ്ററിനറി സർജൻ | ഡോ.ഡെന്നീസ് തോമസ്. | 01.04.2016- 31.03.2017 |
| വി.ഇ.ഒ., ചെറുവള്ളി സർക്കിൾ. | ശ്രീ .അബ്ദുൾ ബഷീർ | 01.04.2016 - 31.03.2017 |
| വി.ഇ.ഒ. പൊൻകുന്നം സർക്കിൾ | ശ്രീമതി സോഫിമോൾ. | 01.04.2016-21.10.2016 |
| | ശ്രീ.സജി മോഹൻദാസ്. | 22.10.2016 -31.03.2017 |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | ഡോ.ജോസഫ് ആന്റണി. | 01.04.2016- 14.06.2016 |

| | | |
|---|---|---|
| | ഡോ.ബാബു സെബാസ്റ്റ്യൻ | 15.06.2016-31.03.2017 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി ദീപ്തി.വി | 01.04.2016 - 10.07.2016 |
| | ശ്രീമതി വസന്തകുമാരി. | 11.07.2016 -31.03.2017 |
| മെഡി.ഓഫീസർ, ആയുർവ്വേദം | ഡോ.അരുൺകുമാർ. | 01.04.2016 - 31.08.2016 |
| | ഡോ.ബീന.കെ.ദാസ് | 01.09.2016 -31.03.2017 |
| മെഡി.ഓഫീസർ, ഹോമിയോ. | ഡോ.റോയി മാത്യു. | 01.04.2016 - 31.03.2017 |
| അസിസ്റ്റന്റ് എൻജിനീയർ എൽ.എസ്.ജി.ഡി | ശ്രീ.ജോഷി ജോസഫ്. | 01.04.2016 - 13.11.2016 |
| | ശ്രീ.ദിലീപ്കുമാർ.എ.റ്റി. | 14.11.2016 -31.03.2017 |
| ഹെഡ്മാസ്റ്റർ, ഗവ.എൽ.പി.സ്കൂൾ | ശ്രീമതി പി.ഡി.ഉഷ. | 01.04.2016 -31.03.2017 |
| ഡയറി ഫീൽഡ് ഓഫീസർ | ശ്രീമതി പി.എസ്.ബീന. | 01.04.2016 -31.03.2017 |

ഉള്ളടക്കം


| ഖണ്ഡിക നമ്പർ | വിഷയം |
|---|---|
| ഭാഗം 1 പൊതു അവലോകനം | |
| 1-1 | ഓഡിറ്റ് ലക്ഷ്യം, ഓഡിറ്റ് മാനദണ്ഡം |
| 1-2 | ബജറ്റ് |
| 1-3 | വാർഷിക ധനകാര്യപത്രിക |
| 1-4 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം |
| 1-5 | സാമ്പത്തിക വിശകലനം |
| 1-6 | ഫണ്ട് വിനിയോഗം |
| 1-7 | പദ്ധതി അവലോകനം |
| 1-8 | തനത് വരുമാനം |
| 1-9 | ക്ഷേമ പദ്ധതികൾ |
| 1-10 | ക്യാഷ് വെരിഫിക്കേഷൻ |
| 1-11 | ആഭ്യന്തരനിയന്ത്രണം |
| 1-12 | മറ്റ് ഓഡിററുകൾ നടത്തിയതിന്റെ വിവരം |
| ഭാഗം 2 വരവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 2-1 | വാർഷിക കണക്കുകളുടെ അവലോകനം |
| 2-2 | വസ്തുനികുതി--വൻതുക പിരിഞ്ഞുകിട്ടാൻ അവശേഷിക്കുന്നു. |
| 2-3 | തൊഴിൽ നികുതി--ഈടാക്കിയത് കുറവ് |

| | |
|---|---|
| 2-4 | സ്ഥാപനതൊഴിൽ നികുതി ഈടാക്കിയില്ല |
| 2-5 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല |
| 2-6 | വാടക--അനധികൃതമായി കടമുറി കൈവശം വച്ചിരിക്കുന്നു. |
| 2-7 | കെട്ടിട നിർമ്മാണാനുമതി--അപാകതകൾ |
| ഭാഗം 3 ചെലവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 3-1 | ഐഎസ്ഒ സർട്ടിഫിക്കേഷന്റെ ഭാഗമായി വാങ്ങിയ ഇൻഫർമേഷൻ കിയോസ്ക് ടച്ച് സ്ക്രീൻ ഉപയോഗിക്കുന്നില്ല |
| 3-2 | പൊതുടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്തുന്നതിന് കേരള ജലഅതോറിറ്റിയുമായി സംയുക്ത പരിശോധന നടത്തിയിട്ടില്ല. |
| 3-3 | ശബരിമല തീർത്ഥാടനം--സ്പെഷ്യൽ ഗ്രാന്റ് ചെലവഴിക്കാതെ അവശേഷിക്കുന്നു |
| 3-4 | ഭവന നിർമ്മാണം--ഉണഭോക്താവിന് അധിക നിരക്കിൽ ധനസഹായം നൽകി |
| 3-5 | റോഡ് ടാറിംഗ്/റീ ടാറിംഗ് പ്രവൃത്തികൾ--കാലി വീപ്പയുടെ വില ഈടാക്കിയിട്ടില്ല |
| 3-6 | ഹോമിയോ ആയുർവേദാശുപത്രികൾക്ക് മരുന്ന് വാങ്ങൽ--മരുന്ന് മുഴുവൻ ലഭിച്ചില്ല |
| 3-7 | വിവിധ നിക്ഷേപ പ്രവൃത്തികളുടെ വിനിയോഗവിവരം ലഭ്യമല്ല |
| ഭാഗം 4 പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 4-1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 4-2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ |
| 4-3 | മൊബിലൈസേഷൻ അഡ്വാൻസ് |
| 4-4 | വായ്പ/വായ്പ തിരിച്ചടവ് |
| 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 4-6 | ഓഡിറ്റ് റിക്കവറി |
| 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 4-8 | ഓഡിറ്റ് പ്രത്യവലോകനം |
| 4-9 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| അനുബന്ധം 1 | ഓഡിറ്റ് സാക്ഷ്യപത്രം 2016-17 |
| അനുബന്ധം 2 | ബാലൻസ് ഷീറ്റ് - 31.03.2017 തീയതിയിൽ |
| അനുബന്ധം 3 | ഇൻകം ആന്റ് എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് 2016-17 |

| | |
|---|---|
| അനുബന്ധം 4 | റസീപ്റ്റ് ആന്റ് പെയ്മെന്റ് സ്റ്റേറ്റ്മെന്റ് 2016-17 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ഓഡിറ്റ് ലക്ഷ്യം,ഓഡിറ്റ് മാനദണ്ഡം

കേരള പഞ്ചായത്ത് രാജ് നിയമങ്ങൾ, ചട്ടങ്ങൾ, അനുബന്ധമായി സർക്കാർ യഥാസമയം പുറപ്പെടുവിക്കുന്ന ഉത്തരവുകൾ എന്നിവ പാലിച്ച് ഗ്രാമപഞ്ചായത്ത് അതിന്റെ ഉത്തരവാദിത്തങ്ങളും ചുമതലകളും നിർവഹിച്ചിട്ടുണ്ടോ, ടി ഉത്തരവാദിത്തങ്ങളും, ചുമതലകളും നിറവേറ്റുന്നതിന് ലഭ്യമായ ഉദ്യോഗസ്ഥരുടെ സേവനം യഥാവിധി വിനിയോഗിച്ചുവോ, പഞ്ചായത്തിന് എല്ലാ സ്രോതസ്സുകളിൽ നിന്നുമായി ലഭിക്കാനുള്ള വരുമാനം പൂർണമായും യഥാസമയം ശേഖരിച്ചുവോ, ഇപ്രകാരം ലഭിച്ച വരുമാനം പാഴ്ച്ചെലവില്ലാതെ കൃത്യമായി വിനിയോഗിച്ചോ, ഇപ്രകാരം ശേഖരിക്കുകയും ചെലവഴിക്കുകയും ചെയ്ത തുകകളുടെ കൃത്യമായ കണക്കുകളാണോ വാർഷികധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് എന്നിവയുടെ പരിശോധനകളാണ് ഓഡിറ്റിന്റെ ലക്ഷ്യമായി നിജപ്പെടുത്തിയത്.

പഞ്ചായത്തിന്റെ മിനിറ്റ്സ് ബുക്കുകൾ, ഓഫീസ് ഉത്തരവുകൾ, സാംഖ്യ ഉൾപ്പെടെയുള്ള രസീതുകൾ, വസ്തുനികുതി, തൊഴിൽനികുതി, വാടക ലേലം, കെട്ടിടനിർമാണപെർമിറ്റുകൾ, മറ്റിനം വരവുകൾ എന്നിവ സംബന്ധിച്ച രേഖകൾ, വിവിധചെലവുകളുടെ വൗച്ചറുകൾ, നിർവഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കിയ പ്രോജക്ടുകളുടെ രേഖകൾ, അനുബന്ധ രജിസ്റ്ററുകൾ എന്നിവയുടെ പരിശോധനയിലൂടെ മേൽചേർത്ത ഓഡിററ് ലക്ഷ്യങ്ങളുടെ ഫലപ്രാപ്തിവിലയിരുത്തുക എന്നതായിരുന്നു ഓഡിറ്റ് മാനദണ്ഡം.

ഓഡിറ്റ് ലക്ഷ്യങ്ങളുടെ പരിശോധനാഫലങ്ങൾ വരവ്-ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങളായി ചുവടെ ചേർത്ത് അപാകതകളുടെ കാരണം, പരിഹാരനിർദേശം, സ്ഥിതിമെച്ചപ്പെടുത്താനുള്ള ശുപാർശ എന്നിവ ഉൾപ്പെടുത്തിയിരിക്കുന്നു.

## 1-2 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 5-3-2016 തിയതിയിലെ ഒന്നാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് പ്രതീക്ഷ | യഥാർത്ഥം |
|---|---|---|
| മുന്നിരിപ്പ് | 28846335 | 27623902 |
| വരവ് | 124329200 | 65725433 |
| ആകെ | 153175535 | 93349335 |
| ചെലവ് | 148833200 | 51468473 |
| നീക്കിയിരിപ്പ് | 4342335 | 41880862 |

ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത തുകകളും യഥാർഥ തുകകളും തമ്മിൽ വലിയ അന്തരം നിലനിൽക്കുന്നു. പഞ്ചായത്ത് രാജ് നിയമത്തിലെ വ്യവസ്ഥകൾ പാലിച്ച് ബജറ്റ് തയാറാക്കേണ്ടതും ബജറ്റും യഥാർഥ തുകകളും തമ്മിലെ അന്തരം ലഘൂകരിക്കേണ്ടതുമാണ്.

## 1-3 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട അവസാന തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2016 | 10-7-2017 | ---- | ----- |

## 1-4 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|

| | |
|---|---|
| 2016-17 | 2016-17 വർഷത്തെ ഓഡിറ്റിൽ പരിശോധിച്ചു. |

ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീപ്റ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

## 1-5 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 27623902.44 |
| വരവ് | 65725433 |
| ആകെ | 93349335.44 |
| ചെലവ് | 51468473 |
| നീക്കിയിരിപ്പ് | 41880862.44 |

## 1-6 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ അലോട്ട്മെന്റ് | ചെലവ് | അലോട്ട്മെന്റ് നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 15340906 | 10681270 | 4659636 | 69.63 |
| വികസനഫണ്ട് എസ്.സി.പി. | 0 | 3898746 | 3988746 | | അധികച്ചെലവ് |
| വികസനഫണ്ട് ടി.എസ്.പി. | 0 | 356340 | 356340 | | 100 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 12880584 | 4012246 | 8868338 | 31.14 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 4170195 | 2739139 | 1431056 | 65.68 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 8603579 | 6178449 | 2425130 | 71.81 |
| പെർഫോമൻസ് ഗ്രാന്റ് | 0 | 4505429 | 254175 | 4251254 | 5.64 |
| MNREGS | 1220 | 6520393 | 6519544 | 2069 | 99.98 |
| ബി ഫണ്ട് | | 28787450 | 28787450 | - | 100 |

## 1-7 പദ്ധതി അവലോകനം.

പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട വിവിധ ഘട്ടങ്ങൾ പൂർത്തിയാക്കി 22/8/2016 ലെ ഒന്നാം നമ്പർ തീരുമാനത്തിലൂടെ പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച 2016-17 ലെ വാർഷിക പദ്ധതിക്ക് ജില്ലാ ആസൂത്രണസമിതി അംഗീകാരം ലഭ്യമായി. ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്(എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 256 | 90378922 | 141 | 33836193 | 5 | 110 | 57 |

പ്രോജക്ടുകൾക്ക് അംഗീകാരം ലഭിച്ചതിൽ 141 എണ്ണം പൂർണമായും 5 എണ്ണം ഭാഗികമായും നടപ്പിലാക്കി. 90378922/-രൂ അടങ്കൽ നിശ്ചയിച്ച് പ്രോജക്ടുകൾ തയാറാക്കിയെങ്കിലും 33836193/- രൂപ മാത്രമാണ് ചെലവഴിച്ചത്. ചെലവ് 37 ശതമാനം മാത്രം. ആയുർവേദ, ഹോമിയോ മെഡി.ഓഫീസർമാർ നടപ്പിലാക്കിയ മരുന്ന് വാങ്ങൽ പ്രോജക്ടുകൾക്കായി മരുന്ന് കമ്പനികൾക്ക് തുക നല്കിയെങ്കിലും മുഴുവൻ തുകയ്ക്കും മരുന്നുകൾ ലഭിച്ചിട്ടില്ല. പദ്ധതിനിർവഹണത്തിൽ കാര്യക്ഷമത പുലർത്തേണ്ടതാണ്.

അസി.എൻജിനീയർ നിർവഹണ ഉദ്യോഗസ്ഥനായ 4,79,52539/- രൂപയുടെ 173 പ്രോജക്ടുകൾ തയാറാക്കിയതിൽ 12577792/- രൂപയുടെ 80 പ്രോജക്ടുകൾ മാത്രമാണ് നടപ്പാക്കിയത്.

## 1-8 തനതു വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 66 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+) |
|---|---|---|---|---|
| നികുതി വരവുകൾ | 8044963 | 14512583 | 6467620 | 80 |
| നികുതിയേതര വരവുകൾ | 3004115 | 4098385 | 1094270 | 36 |
| മറ്റു വരവുകൾ | 878844 | 1211057 | 332213 | 38 |
| ആകെ | 11927922 | 19822025 | 7894103 | 66 |

വാർഷികകണക്കുകളിൽ നിന്ന് ലഭ്യമായിട്ടുള്ള വിശദാംശങ്ങളുടെ അടിസ്ഥാനത്തിലാണ് ഈ കണക്കുകൾ തയാറാക്കിയിട്ടുള്ളത്. വസ്തുനികുതി, തൊഴിൽനികുതി, ഡി&ഒ ലൈസൻസ് തുടങ്ങിയവ സംബന്ധിച്ച രജിസ്റ്ററുകൾ കൃത്യമായി പൂർത്തിയാക്കി ഡി.സി.ബി തയാറാക്കിയിട്ടില്ലാത്തതിനാൽ ടി തുകകളുടെ ആധികാരികത ഉറപ്പാക്കാനായില്ല.

## 1-9 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 132960 | 82 |
| കർഷകതൊഴിലാളി പെൻഷൻ | 1385300 | 186 |
| വിധവാപെൻഷൻ | 10292890 | 1076 |
| വാർദ്ധക്യകാലപെൻഷൻ | 13952100 | 2056 |
| വികലാംഗപെൻഷൻ | 2472900 | 296 |
| 50 വയസ്സിനുമേൽ പ്രായമായ അവിവാഹിതർക്കുള്ള പെൻഷൻ | 513800 | 47 |

## 1-10 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14/7/17 തീയതി 3.30 പി.എം.-ന് അസി.സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 19141/- രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

## 1-11 ആഭ്യന്തരനിയന്ത്രണം.

ഓഫീസ് ഉത്തരവുകളിലൂടെ ജീവനക്കാർക്ക് ജോലികൾ വിഭജിച്ച് നല്കിയിരുന്നു. എന്നാൽ ഔദ്യോഗികരേഖകളും, രജിസ്റ്ററുകളും മതിയായ വിശദാംശങ്ങൾ ചേർത്ത് ശരിയായി സൂക്ഷിക്കുന്നതിന് സാധിച്ചിട്ടില്ല. വസ്തുനികുതി പരിഷ്കരണം, സഞ്ചയ, സാംഖ്യ സംയോജനം എന്നിവയിൽ അപാകതകൾ നിലനിൽക്കുന്നതായി വാർഷികകണക്കുകൾ പ്രകാരമുള്ള വിവരങ്ങളിൽനിന്ന് വ്യക്തമാകുന്നു. പഞ്ചായത്ത് പരിധിയിലുള്ള മൊബൈൽടവറുകളുടെ വസ്തുനികുതിപരിഷ്കരണനടപടികൾ ഇനിയും പൂർത്തിയായിട്ടില്ല. വസ്തുനികുതി ഡേറ്റാബേസ് അപൂർണമായതിനാൽ മുൻവർഷം കരമടച്ച രസീതില്ലാതെ സുഗമമായി തൻവർഷം കരമടയ്ക്കാൻ സാധിക്കുന്നില്ല.

ഗ്രാമപഞ്ചായത്തിന്റെ മറ്റൊരു പ്രധാന വരുമാനമാണ് തൊഴിൽനികുതി. എന്നാൽ തൊഴിൽനികുതി ഡിമാന്റ്, കുടിശികഡിമാന്റ് രജിസ്റ്ററുകളുടെ സൂക്ഷിപ്പ് കാര്യക്ഷമമല്ല. സ്ഥാപനങ്ങളുടെ ലിസ്റ്റ് കൃത്യമായി ചേർക്കുന്നതിലും, ലിസ്റ്റിന്റെ ക്രമത്തിൽ നികുതി നികുതിദായകരുടെ വിവരംചേർത്ത് തുക ഈടാക്കിയ വിവരം ചേർക്കുന്നതിനും മതിയായ ശ്രദ്ധ ചെലുത്തിയിട്ടില്ല. സ്ഥാപനതൊഴിൽനികുതി വിവരങ്ങൾ അപൂർണമാണ്. നികുതിദായകരുടെ വരുമാനം സംബന്ധിച്ച സ്ഥാപനമേധാവി നല്കുന്ന സ്റ്റേറ്റ്മെന്റ് കൃത്യമായി പരിശോധിക്കാത്തതിനാൽ പല

ജീവനക്കാരിൽനിന്നും കുറവായി നികുതി ഈടാക്കുകയുണ്ടായി.

508 സ്ഥാപനങ്ങൾ മാത്രമാണ് ഡി&ഒ ലൈസൻസ് എടുത്ത് പ്രവർത്തിച്ചത്. ഡി&ഒ ലൈസൻസ് എടുത്ത പല സ്ഥാപനങ്ങളിലും 5, 10 ജോലിക്കാർ വരെയുണ്ട് എന്ന് ലൈസൻസ് അപേക്ഷയിൽ തന്നെ പറയുന്നുവെങ്കിലും ടി ജോലിക്കാരിൽനിന്ന് തൊഴിൽനികുതി ഈടാക്കാത്തതിനാൽ വരുമാനനഷ്ടം ഉണ്ടായിട്ടുണ്ട്. സ്വകാര്യപണമിടപാട് സ്ഥാപനങ്ങളുൾപ്പെടെയുള്ള പല സ്ഥാപനങ്ങളും തൊഴിൽ നികുതി, സ്ഥാപനതൊഴിൽ നികുതി, ഡി ആന്റ് ഒ ലൈസൻസ് എന്നിവയില്ലാതെ പഞ്ചായത്ത് ആസ്ഥാനമായ പൊൻകുന്നം ടൗണിലുൾപ്പെടെ പ്രവർത്തിച്ചു വരുന്നതായി കാണപ്പെട്ടു.
50 സീറ്റുകൾ മാത്രമുള്ള ഒരു സിനിമാ തിയേറ്റർ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുവെങ്കിലും ടിക്കറ്റ് സീൽ ചെയ്യുന്നതിന്റെ വിശദാംശങ്ങൾ, വിനോദനികുതി സംബന്ധിച്ച വിവരങ്ങൾ എന്നിവയൊന്നും ഇതിനായുള്ള രജിസ്റ്ററിൽ കൃത്യമായി ചേർത്തിട്ടില്ല. വിവിധ ഷോപ്പിംഗ് കോംപ്ലക്സുകളിലായി 100 ഓളം മുറികൾ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുണ്ടെങ്കിലും വാടകരജിസ്റ്ററിൽ എല്ലാമുറികൾക്കും ക്രമമായ നമ്പരുകൾ നല്കി ഉൾപ്പെടുത്തിയിട്ടില്ല. വാടകരജിസ്റ്ററിൽ എല്ലാ മുറികളുടെയും വിവരങ്ങൾ ഉൾപ്പെടുത്തേണ്ടതാണ്.

തെരുവ് വിളക്കുകളുടെ മീറ്ററിംഗ്, സംയുക്തപരിശോധനയിലൂടെ പ്രവർത്തനക്ഷമമായ സ്ട്രീറ്റ് ടാപ്പുകളുടെ കൃത്യമായ എണ്ണം തിട്ടപ്പെടുത്തൽ എന്നീ നടപടികൾ സ്വീകരിച്ച് തെരുവ് വിളക്കുകളുടെ കറന്റ്ചാർജിനത്തിലും, വെള്ളക്കരമിനത്തിലുമുള്ള ചെലവുകൾ നിയന്ത്രിക്കേണ്ടതാണ്.

20 വാർഡുകളുള്ള, നിരവധി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന പഞ്ചായത്തിൽ എൻജിനീയറിംഗ് വിഭാഗത്തിലുൾപ്പെടെ മതിയായ ജീവനക്കാരുടെ അഭാവം കാര്യക്ഷമതയെ പ്രതികൂലമായി ബാധിക്കുന്നുവെന്ന ഭരണസമിതിയുടെയും, സെക്രട്ടറിയുടെയും അഭിപ്രായത്തെ സാധൂകരിക്കുന്നതാണ് ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ. കാര്യക്ഷമമായ പ്രവർത്തനത്തിനുതകുന്ന നടപടികൾ ഭരണസമിതി-ഉദ്യോഗസ്ഥ തലങ്ങളിൽ ഉണ്ടാക്കി കാര്യക്ഷമമായ ആഭ്യന്തരനിയന്ത്രണസംവിധാനം നിലനിർത്തേണ്ടതാണ്.

## 1-12 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 17.5.2017 | 1/4/17-31/4/17 | - |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 3/2017 | 2014-15 മുതൽ 2015-16 വരെ. | - |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷിക കണക്കുകളുടെ അവലോകനം

ചിറക്കടവ് ഗ്രാമ പഞ്ചായത്തിന്റെ 2016-17 വാർഷികധനകാര്യപത്രിക പ്രകാരമുള്ള പ്രസക്ത വിവരങ്ങൾ താഴെ ചേർക്കുന്നു.

1) ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരമുള്ള ആകെ വരുമാനം 87659670.65രൂപയും ആകെ ചെലവ് 82342731രൂപയും പ്രവർത്തനമിച്ചം 4567045.65രൂപയുമാണ്.

2) റസീപ്റ്റ് & പെയ്മെന്റ് പത്രിക പ്രകാരമുള്ള ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പടെ)- 93349335.44രൂപയും ആകെ ചെലവ് 51468473രൂപയുമാണ്.

3) 31.3.2017 ലെ നീക്കിയിരിപ്പ് 41880862.44 രൂപയാണ്.

4) 31.3.2017ലെ ആകെ ആസ്തിമൂല്യം 103699411.09രൂപയും ആകെ ബാദ്ധ്യത 1,54,34,871.75/- രൂപയുമാണ്.

5) 31.3.2017ലെ ആകെ ജനറൽ ഫണ്ട് 47165255.34 രൂപയാണ്.

ഗ്രാമ പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ വാർഷിക ധനകാര്യപത്രിക പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള അടിസ്ഥാന രേഖകളുമായി ഒത്തുനോക്കി പരിശോധിച്ചതിൽ കണ്ട അപാകതകൾ താഴെ ചേർക്കുന്നു.

1) ഗ്രാമ പഞ്ചായത്തിന്റെ സ്ഥാവര ജംഗമ ആസ്തികൾ കൃത്യമായി സാംഖ്യയിൽ അക്കൗണ്ട് ചെയ്തിട്ടില്ല.

2) ബി5, ബി16 ഷെഡ്യൂളുകൾ തമ്മിൽ 18414/- രൂപയുടെ വ്യത്യാസം ഉണ്ട്. ടി തുക ഇ.എം.എസ് ലോൺ പലിശ ഇനത്തിൽ പൊൻകുന്നം സർവ്വീസ് സഹകരണ ബാങ്കിന് നൽകിയത് തിരികെ ലഭിക്കുവാനുള്ളതാണ്.

3) ബി7 ഷെഡ്യൂളിൽ മറ്റു നിക്ഷേപങ്ങൾ എന്ന ശീർഷകത്തിൽ 9008396 രൂപ കാണിച്ചിട്ടുള്ളതിന്റെ കൃത്യത വ്യക്തമാക്കിയിട്ടില്ല.

4) ജനറൽ പർപ്പസ് ഫണ്ടിന്റെ 12-ാം ഗഡു VPF-1അക്കൗണ്ടിലും TSB അക്കൗണ്ടിലും വരവ് ചേർത്തതിനാൽ വാർഷിക കണക്കിൽ ചേർത്തിട്ടുള്ള ജനറൽ പർപ്പസ് ഫണ്ടിന്റെ ആകെ വരവ് തെറ്റാണ്. യഥാർഥ വരവ് 11420016രൂപയാണ് (951668 x 12) . എന്നാൽ വാർഷിക കണക്കിൽ 12371684 രൂപയാണ് (951668x13 ) ടി ഇനത്തിലെ വരവായി ചേർത്തിട്ടുള്ളത്.

5) വികസന ഫണ്ട് എസ്. സി. പി. വിഭാഗത്തിലെ വരവും ചെലവും 3898746 രൂപയാണ്. എന്നാൽ വാർഷിക കണക്കിൽ വരവ് ചേർത്തിട്ടുള്ളത് 3988746 രൂപയാണ്.

6) ശബരിമല സ്പെഷ്യൽ ഫണ്ടിന്റെ രജിസ്റ്റർ പ്രകാരമുള്ള കണക്കുകൾ ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല.

| | ധനകാര്യപത്രിക പ്രകാരം | രജിസ്റ്റർ പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 539387 | 388945 |
| തൻവർഷ വരവ് | 500000 | 500000 |
| ആകെ | 1039387 | 888945 |
| ചെലവ് | 0 | 507269 |
| നീക്കിയിരിപ്പ് | 1039387 | 381676 |

7) 1.4.16 ലെ മുന്നിരിപ്പിലും 31.3.17 ലെ നീക്കിയിരിപ്പിലും V P F A-1-2 അക്കൗണ്ടിൽ 1691572രൂപയും V P F A-1-3 അക്കൗണ്ടിൽ 1702 രൂപയും ഉള്ളതായി കാണുന്നു. എന്നാൽ ടി അക്കൗണ്ടുകൾ നിലവിലില്ലാത്തതാണ്.

8) V P F-1 അക്കൗണ്ടിൽ 31.3.2017 ൽ 951668 രൂപ നീക്കിയിരിപ്പ് ഉള്ളതായി ചേർത്തിട്ടുള്ളത് തെറ്റാണ്. ടി അക്കൗണ്ട് നിലവിലില്ലാത്തതാണ്. ജനറൽ പർപ്പസ് ഫണ്ടിന്റെ 12-ാം ഗഡു ടി അക്കൗണ്ടിൽ തെറ്റായി വരവ് ചേർത്തതാണ്.

9) 25-ാം നമ്പർ അങ്കണവാടി മെയിന്റനൻസ് എന്ന പ്രോജക്ടിന് 203932 രൂപ ഒന്നാം പാർട്ട് ബിൽ നൽകിയിട്ടുണ്ടെങ്കിലും ആയത് B11(a) ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.

10) തനത് ഫണ്ട്, എൻ.ആർ.ഇ.ജി.എ. അക്കൗണ്ടുകളിൽ നിന്നും നൽകിയിട്ടുള്ളതും കാലഹരണപ്പെട്ടതുമായ താഴെ ചേർക്കുന്ന ചെക്കുകൾ വരവായി മാറ്റിയിട്ടില്ല.

| ചെക്ക് നം./തീയതി | തുക | അക്കൗണ്ട് |
|---|---|---|
| 263785/ 31.3.14 | 155 | SCB പൊൻകുന്നം |
| 264895/ 28.3.15 | 5038 | ,, |
| 266238/ 25.2.16 | 3300 | ,, |
| 266241/ 29.2.16 | 130 | ,, |
| 461649/ 1.4.15 | 100 | NREGA |
| 461946/ 1.4.15 | 150 | ,, |

മേൽ പറഞ്ഞ അപാകതകൾ നിലനിൽക്കുന്നതിനാൽ ഖണ്ഡികയുടെ ആദ്യഭാഗത്ത് ചേർത്തിട്ടുള്ള, 2016-17 വാർഷികധനകാര്യപത്രിക പ്രകാരമുള്ള പ്രസക്ത വിവരങ്ങളിൽ സാരമായ വ്യതിയാനം വരുന്നതാണ്.

## 2-2 വസ്തു നികുതി -വൻ തുക പിരിഞ്ഞുകിട്ടുവാൻ അവശേഷിക്കുന്നു

വാർഷിക ധനകാര്യ പത്രികയുടെ ബി.15 പട്ടിക പ്രകാരം തന്നാണ്ടു കുടിശ്ശിക ₹ 3,62,145/-യും മുൻവർഷ കുടിശ്ശിക ₹26,62,704/-യും ഉൾപ്പെടെ ആകെ വസ്തു നികുതി ഇനത്തിൽ ₹30,24,849/- പിരിഞ്ഞുകിട്ടുവാനുണ്ട്. എന്നാൽ സഞ്ചയ പ്രകാരമുള്ള തന്നാണ്ടു കുടിശ്ശിക ₹ 2633560/-യും മുൻവർഷ കുടിശ്ശിക ₹ 62,62,820/-യും (ആകെ

₹88,96,380/-) ആണ്. യഥാർത്ഥ ഡിമാന്റിനേക്കാൾ വളരെ കുറവാണ് ധനകാര്യ പത്രികയിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ഗ്രാമപഞ്ചായത്തിലെ 13 ടെലികമ്മ്യൂണിക്കേഷൻ ടവറുകളുടെ വസ്തുനികുതി കുടിശിക വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | കെട്ടിട നം | ഉടമയുടെ പേര് | കുടിശിക കാലയളവ് | ആകെ കുടിശിക (₹) |
|---|---|---|---|---|
| 1 | 1/522 | റ്റാറ്റാ ടെലി സർവ്വീസ് ലിമിറ്റഡ് | 2012-13 മുതൽ | 154691 |
| 2 | 1/522A | ഇൻഫോകോം പ്രൈ.ലിമിറ്റഡ് | 2009-10 മുതൽ | 70698 |
| 3 | 3/530 | ഐഡിയ മൊബൈൽ കമ്മ്യൂണിക്കേഷൻ ലിമിറ്റഡ് | 2008-09 മുതൽ | 49140 |
| 4 | 4/236A | ഇൻഡസ് ടവ്വേഴ്സ് | 2010-11 മുതൽ | 50296 |
| 5 | 4/630 A | വയർലെസ് റ്റിറ്റി ഇൻഫോ സർവ്വീസ് | 2011-12 മുതൽ | 50854 |
| 6 | 5/99 | ബി എസ് എൻഎൽ ലിമിറ്റഡ് | 2013-14 മുതൽ | 121800 |
| 7 | 8/288 | ഭാരതി എയർടെൽ ലിമിറ്റഡ് | 2009-10 മുതൽ | 59115 |
| 8 | 11/351 | ഭാരതി ഇൻഫ്രാടെക് ലിമിറ്റഡ് | 2008-09 മുതൽ | 85365 |
| 9 | 11/444 | ഭാരതി ഇൻഫ്രാടെൽ ലിമിറ്റഡ് | 2008-09 മുതൽ | 32865 |
| 10 | 14/335 | ഐഡിയ മൊബൈൽ കമ്മ്യൂണിക്കേഷൻ ലിമിറ്റഡ് | 2012-13 മുതൽ | 72765 |
| 11 | 14/373A | ഭാരതി ഇൻഫ്രാടെൽ ലിമിറ്റഡ് | 2008-09 മുതൽ | 39165 |
| 12 | 19/81A | വയർലെസ് റ്റിറ്റി ഇൻഫോ സർവ്വീസ് | 2011-12 മുതൽ | 63304 |
| 13 | 19/572 | ഭാരതി സെല്ലുലാർ ലിമിറ്റഡ് | 2008-09 മുതൽ | 51765 |

മേൽപ്പറഞ്ഞ 13 ടവറുകളുടെയും കുടിശിക ഈടാക്കുന്നതിന് നോട്ടീസ് നൽകിയിട്ടുണ്ട് എന്നും ഇനിയും നികുതി നിർണ്ണയിക്കാനുള്ളതായി കണ്ടെത്തിയിട്ടുള്ള 7 ടവറുകളുടെ നികുതി നിർണ്ണയ നടപടികൾ ഉടൻ പൂർത്തിയാക്കി നോട്ടീസ് നൽകുന്നതാണ് എന്നും ഇത് സംബന്ധിച്ച് 15.07.17 ൽ നൽകിയ 13-ാം നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മറുപടി നൽകിയിട്ടുണ്ട്. ടവറുകളുടെയടക്കമുള്ള വസ്തുനികുതി കുടിശിക കാലഹരണപ്പെടാതെ പിരിച്ചെടുക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-3 തൊഴിൽനികുതി-ഈടാക്കിയത് കുറവ്

2016-17 വർഷം വിവിധ സ്ഥാപനങ്ങളിലെ ജീവനക്കാരിൽനിന്ന് തൊഴിൽ നികുതി ഈടാക്കിയത് അർദ്ധവാർഷിക വരുമാനത്തിന് ആനുപാതികമായതിനെക്കാൾ കുറവായാണ്. വിശദവിവരം ചുവടെ ചേർക്കുന്നു.

| സ്ഥാപനം | ജീവനക്കാരൻ | അർദ്ധവാർഷിക വരുമാനം | അർദ്ധവർഷം | ഈടാക്കേണ്ട നികുതി | ഈടാക്കിയത് | കുറവ് |
|---|---|---|---|---|---|---|
| സബ്ട്രഷറി | ലിഡാമോൾ, ജൂനിയർ അക്കൗണ്ടന്റ്. | 127850 | ഒന്ന് | 1250 | 1000 | 250 |
| ,, | ജിതിൻ.കെ.ബാലൻ, ജൂനിയർ അക്കൗണ്ടന്റ്. | 126050 | ,, | 1250 | 1000 | 250 |
| കെ.എസ്.ആർ.ടി.സി | സുനിപ്രഭ.വി.പി,പ്യൂൺ | 103354 | ,, | 1000 | 750 | 250 |
| ,, | ശോഭനകുമാരി.വി.ജി, പ്യൂൺ | 100713 | ,, | 1000 | 750 | 250 |

| | | | | | | |
|---|---|---|---|---|---|---|
| ,, | അൽതാഫ്.എം.എ, കണ്ടക്ടർ | 103354 | ,, | 1000 | 750 | 250 |
| ,, | ബേബി എബ്രഹാം, കണ്ടക്ടർ | 100713 | ,, | 1000 | 750 | 250 |
| ,, | ജലജ.വി.നായർ, കണ്ടക്ടർ | 100713 | ,, | 1000 | 750 | 250 |
| ,, | നൗഫൽ.വി.എം,, കണ്ടക്ടർ | 103354 | ,, | 1000 | 750 | 250 |
| ,, | രാജീവ്.പി.ഭാസ്കർ, കണ്ടക്ടർ | 103354 | ,, | 1000 | 750 | 250 |
| ,, | റിയാസ്.കെ.എ, കണ്ടക്ടർ | 100713 | ,, | 1000 | 750 | 250 |
| ,, | ശാലിനി നാരായണൻ, കണ്ടക്ടർ | 103354 | ,, | 1000 | 750 | 250 |
| ,, | അജിത്കുമാർ.കെ.എസ്, ഡ്രൈവർ | 103354 | ,, | 1000 | 750 | 250 |
| ,, | റെജിമോൻ.വി.ആർ, ഡ്രൈവർ | 103354 | ,, | 1000 | 750 | 250 |
| ,, | ജോബി.എം.ജെ, മെക്കാനിക് | 108635 | ,, | 1000 | 750 | 250 |
| ,, | സെൻ.കെ.സി, പമ്പ് ഓപ്പറേറ്റർ | 127413 | ,, | 1250 | 1000 | 250 |
| പൊൻകുന്നം മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി | കെ.റോയിമാത്യു, ജൂനിയർ ക്ലർക്ക് | 152284 | ,, | 1250 | 1000 | 250 |
| ,, | പി.എ.രവീന്ദ്രൻ, അറ്റന്റർ | 127930 | ,, | 1250 | 1000 | 250 |
| പൊൻകുന്നം സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | ഹരികുമാർ.പി.പി, പ്യൂൺ | 133900 | രണ്ട് | 1250 | 1000 | 250 |

| | | | | | | |
|---|---|---|---|---|---|---|
| ആകെ കുറവ് | | | | | | 4500 |

അർദ്ധവാർഷിക വരുമാനം സംബന്ധിച്ച സ്ഥാപനമേധാവികൾ സമർപ്പിക്കുന്ന പത്രികകളും, നികുതിയിനത്തിൽ നൽകുന്ന തുകകകളും തമ്മിൽ താരതമ്യം ചെയ്ത് വരുമാനത്തിന് ആനുപാതികമായ നികുതി തന്നെയാണ് ജീവനക്കാർ നൽകിയതെന്ന് ഉറപ്പുവരുത്തുന്നതിന് സെക്ഷൻ ചുമതലയുള്ള ക്ലർക്കും മേൽനോട്ട ചുമതലയുള്ള ഉദ്യോഗസ്ഥനും പരിശോധിച്ച് ഉറപ്പ് വരുത്താത്തത് മൂലമാണ് ഇപ്രകാരം നികുതി കുറവായി ഈടാക്കിയതിന് കാരണം. അർദ്ധവാർഷിക വരുമാനപത്രിക പരിശോധിച്ച് ആനുപാതിക നികുതി ഈടാക്കുന്നുവെന്ന് ഉറപ്പാക്കി ഇത്തരം അപാകതകൾ പരിഹരിക്കേണ്ടതാണ്.

4500/- രൂപ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടച്ച് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 2-4 സ്ഥാപനതൊഴിൽനികുതി ഈടാക്കിയില്ല

ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിൽ നിന്ന് സ്ഥാപനതൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| സ്ഥാപനം | അർദ്ധവർഷം |
|---|---|
| കെ.എസ്.ഇ.ബി,പൊൻകുന്നം | ഒന്നാം അർദ്ധവർഷം |
| ഗവ.സ്കൂൾ അദ്ധ്യാപക സഹകരണ സംഘം. | രണ്ടാം ,, |
| യുണൈറ്റഡ് ഇന്ത്യ ഇൻഷുറൻസ് കമ്പനി | ഒന്ന് ,, |
| ബി.എസ്.എൻ.എൽ,പൊൻകുന്നം | ഒന്നും,രണ്ടും |
| പൊൻകുന്നം കോപ്പറേറ്റീവ് മാർക്കറ്റിംഗ് സൊസൈറ്റി | രണ്ട്. |
| പൊൻകുന്നം അർബൻ കോപ്പറേറ്റീവ് മാർക്കറ്റിംഗ് സൊസൈറ്റി | ഒന്ന്. |
| ശ്രേയസ് പബ്ലിക് സ്കൂൾ | ഒന്ന്. |
| സെന്റ്.ജോസഫ് പബ്ലിക് സ്കൂൾ | ഒന്നും രണ്ടും. |
| ശ്രീഹരി സ്കിൻ ക്ലിനിക് | ഒന്ന് |
| DDRC SRL ഡയഗണോസ്റ്റിക്, കുന്നുംഭാഗം | ഒന്നും,രണ്ടും |
| സ്കാൻറോൺ ഡയഗണോസ്റ്റിക്,കുന്നുംഭാഗം | ഒന്നും,രണ്ടും |
| പോപ്പുലർ ഫിനാൻസ്,പൊൻകുന്നം | ഒന്ന്. |
| ചെമ്മണ്ണൂർ ക്രെഡിറ്റ് & ഇൻവെസ്റ്റ്മെന്റ്,കുന്നുംഭാഗം | രണ്ട്. |
| മണപ്പുറം ഫിനാൻസ് | രണ്ട് |
| ചെമ്മണ്ണൂർ ക്രെഡിറ്റ് & ഇൻവെസ്റ്റ്മെന്റ്,പൊൻകുന്നം | രണ്ട് |
| ഇന്ത്യൻ കോഫിഹൗസ്,പൊൻകുന്നം | ഒന്ന് |
| മോർ ഫോർ യു,പൊൻകുന്നം | ഒന്ന് |
| ഇൻഡസ് മോട്ടോർ കമ്പനി | ഒന്നും,രണ്ടും |
| എം.ജി.എഫ് മോട്ടോഴ്സ് ലിമിറ്റഡ് | ഒന്നും,രണ്ടും |
| സെന്റ് ആന്റണീസ് കോളേജ് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡീസ്. | ഒന്നും,രണ്ടും |
| മേരിമാതാ കോളേജ് | ഒന്നും,രണ്ടും |
| മേമന ഫിനാൻസ് | രണ്ട്. |
| മാവേലി സ്റ്റോർ,പൊൻകുന്നം | ഒന്നും,രണ്ടും |
| കോപ്പറേറ്റീവ് പ്രിന്റിംഗ് പ്രസ് | ഒന്നും,രണ്ടും |
| കോ-ഓപ്പറേറ്റീവ് മിൽക് സൊസൈറ്റി | ഒന്നും,രണ്ടും |
| വികാസ് ബാങ്കേഴ്സ് | ഒന്നും,രണ്ടും |
| നാഷണൽ ബാങ്കേഴ്സ് | ഒന്നും,രണ്ടും |

മുകളിൽ പറഞ്ഞിട്ടുള്ള സ്ഥാപനങ്ങളിൽ നിന്ന് സ്ഥാപനനികുതി ഈടാക്കാൻ സാധിക്കാഞ്ഞത് കൃത്യമായി തയാറാക്കിയ സ്ഥാപനങ്ങളുടെ ലിസ്റ്റിന്റെ അഭാവമാണ്. ഏതൊക്കെ സ്ഥാപനങ്ങളിൽ നിന്ന് നികുതി ഈടാക്കിയെന്നും അവശേഷിക്കുന്നവ ഏതെന്നും പരിശോധിക്കാൻ മാർഗമില്ല. ആയതിനാൽ തനത് വരുമാനമായി

ലഭിക്കേണ്ട തുകകൾ കൃത്യമായി ഈടാക്കാൻ സാധിക്കുന്നില്ല.

ഭരണസമിതിയുടെയും ഉദ്യോഗസ്ഥരുടെയും കൂട്ടായ ശ്രമത്തിലൂടെ വാർഡ്തല സ്ഥാപന ലിസ്റ്റ് തയാറാക്കേണ്ടതും എല്ലാസ്ഥാപനങ്ങളും യഥാസമയം സ്ഥാപന തൊഴിൽനികുതി, സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി, ലൈസൻസുകൾ എന്നിവ ഗ്രാമപഞ്ചായത്തിൽ ഒടുക്കു വരുത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

മേൽ സ്ഥാപനങ്ങളിൽ നിന്ന് സ്ഥാപനതൊഴിൽ നികുതി ഈടാക്കേണ്ടതും രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

## 2-5 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല

ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയതിന്റെ വിവരങ്ങൾ ഇല്ല.

| സ്ഥാപനം | അർദ്ധവർഷം |
|---|---|
| പോലീസ് സർക്കിൾ ഇൻസ്പെക്ടറുടെ ഓഫീസ്, പൊൻകുന്നം | ഒന്നും, രണ്ടും |
| മാവേലി സ്റ്റോർ,പൊൻകുന്നം. | ഒന്നും, രണ്ടും |
| കോപ്പറേറ്റീവ് പ്രിന്റിംഗ് പ്രസ്,പൊൻകുന്നം | ഒന്നും, രണ്ടും |
| ചെറുവള്ളി ദേവസ്വം. | ഒന്നും,രണ്ടും (എച്ച്.ബി.ഈശ്വരൻ നമ്പൂതിരി, മേൽശാന്തിയുടെ മാത്രം നികുതി അടച്ചിട്ടുണ്ട്) |

കൂടാതെ ഡി&ഒ ലൈസൻസ് എടുത്ത പല സ്ഥാപനങ്ങളിലും കൂടുതൽ ജോലിക്കാർ ഉള്ളതായി ലൈസൻസ് അപേക്ഷകളിൽതന്നെ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും അവരുടെ തൊഴിൽനികുതി ഈടാക്കിയിട്ടില്ല. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| സ്ഥാപനം | ജീവനക്കാരുടെ എണ്ണം |
|---|---|
| ഹോട്ടൽ ഹിൽഡ | 10 |
| ഡയനോവ ലബോറട്ടറീസ് | 6 |
| സെന്റ്. ആന്റണീസ്.പൊൻകുന്നം | 4 |
| ശാന്തി ഡെന്റൽ ക്ലിനിക് | 3 |
| സൂര്യ മോട്ടോഴ്സ് | 4 |
| ഹിൽഡ മെഡിക്കൽസ് | 4 |
| CACOBEAN CHOCOLATIER Pvt Ltd. | 5 |
| ഹോട്ടൽ ആര്യാസ് | 9 |
| ഹോട്ടൽ മെഡാസ് | 5 |
| ദൈവസഹായം ടൂറിസ്റ്റ് ഹോം | 9 |
| അമല ആയുർവേദാശുപത്രി | 5 |
| ക്ലിനോക് സൂപ്പർ സ്പെഷ്യാലിറ്റി ലബോറട്ടറീസ് | 5 |

| | |
|---|---|
| പലയക്കുന്നേൽ ദന്താശുപത്രി | 3 |
| ബാബു സോമിൽ, തിരുവപ്പള്ളിൽ | 3 |

ലൈസൻസ് അപേക്ഷകൾ ശരിയായി പരിശോധിക്കുകയോ സ്ഥാപനങ്ങളിൽ നേരിട്ട് പരിശോധനകൾ നടത്തുകയോ ചെയ്യാതെ ലൈസൻസ് നല്കുന്ന രീതിയായതിനാലാണ് ഇപ്രകാരം സ്ഥാപനങ്ങളിലെ ജീവനക്കാരെ നികുതിയിൽനിന്ന് ഒഴിവാക്കുകയും അതുവഴി പഞ്ചായത്തിന് നികുതി നഷ്ടം ഉണ്ടാവുകയും ചെയ്യുന്നതിന് സാഹചര്യമുണ്ടാകുന്നത്. കൂടാതെ നിരവധി കച്ചവട സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെയും പ്രവർത്തിച്ചുവരുന്നതും വരുമാന നഷ്ടത്തിന് കാരണമാകുന്നു.

ഭരണസമിതിയുടെയും ഉദ്യോഗസ്ഥരുടെയും യോജിച്ചുള്ള പ്രവർത്തനത്തിലൂടെ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളും തദ്ദേശസ്ഥാപനത്തിലേക്ക് ഒടുക്കുവാനുള്ള എല്ലാ നിയമാനുസൃത തുകകളും യഥാസമയം ഒടുക്കുന്നുവെന്ന് ഉറപ്പാക്കേണ്ടതാണ്.

## 2-6 വാടക-അനധികൃതമായി കടമുറി കൈവശം വച്ചിരിക്കുന്നു

ഗ്രാമ പഞ്ചായത്ത് ഉടമസ്ഥതയിലുള്ള പഴയ മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സിലെ 3-ാം നമ്പർ മുറി (കെട്ടിട നം. 1/668) 2012-13 വർഷം ജോയി സെബാസ്റ്റ്യൻ, നെടുംതകടിയിൽ, ചെങ്ങളം, കുരാലി. പി.ഒ. എന്ന വ്യക്തിക്ക് 1255 രൂപ പ്രതിമാസ വാടകയ്ക്ക് നൽകിയിരുന്നു (കരാർ തീയതി- 17.4.12). ടിയാൻ 16.9.12 ൽ മരണപ്പെട്ടതിനെ തുടർന്ന് ടിയാന്റെ സഹോദരൻ ശ്രീ ജസ്റ്റിൻ സെബാസ്റ്റ്യൻ, നെടുംതകടിയിൽ എന്ന വ്യക്തി ടി മുറിയിൽ അനധികൃതമായി ട്രാവൽ ഏജൻസി നടത്തി വന്നിരുന്നു. വാടക കരാർ തന്റെ പേരിൽ പുതുക്കി ലഭിക്കുന്നതിനായി ശ്രീ ജസ്റ്റിൻ സെബാസ്റ്റ്യൻ 25.2.13 ൽ ഗ്രാമ പഞ്ചായത്തിന് അപേക്ഷ നൽകി. എന്നാൽ വാടക കരാർ ടിയാന്റെ പേരിൽ പുതുക്കി നൽകാൻ സാധിക്കുകയില്ല എന്നും 7 ദിവസത്തിനകം കടമുറി ഒഴിഞ്ഞു തരണമെന്നും കാണിച്ച് പഞ്ചായത്ത് ടിയാന് കത്ത് നൽകി (കത്ത് നം. 2372/12 തീയതി- 28.3.13). തുടർന്ന് കുത്തകാവകാശം തന്റെ പേരിൽ ലഭിക്കുന്നതിന് ടിയാൻ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്യുകയും ചെയ്തു (WPC No. 10892). കേസ് നാളിതുവരെ തീർപ്പായിട്ടില്ല. 2013-14 മുതൽ നാളിതുവരെ ടിയാൻ 3-ാം നമ്പർ മുറിയിൽ ട്രാവൽ ഏജൻസി നടത്തി വരുന്നു.

നാളിതുവരെയുള്ള വാടക കുടിശ്ശികയുടെ വിവരം താഴെ ചേർക്കുന്നു.

| വർഷം | മാസവാടക | സേവന നികുതി | വാർഷിക വാടക | സേവന നികുതി |
|---|---|---|---|---|
| 2013-14 | 1318 | 198 | 15816 | 2376 |
| 2014-15 | 1384 | 208 | 16608 | 2496 |
| 2015-16 | 1453 | 218 | 17436 | 2616 |
| 2016-17 | 1526 | 229 | 18312 | 2748 |
| ആകെ | | | 68172 | 10236 |

കേസിന്റെ തീർപ്പിന് വിധേയമായി വാടക കുടിശ്ശിക ഈടാക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 2-7 കെട്ടിടനിർമ്മാണാനുമതി-അപാകതകൾ

1. പെർമിറ്റ് അനുവദിക്കുന്നതിൽ കാലതാമസം

കെട്ടിട നിർമ്മാണ പെർമിറ്റ് ലഭിക്കുന്നതിനു സമർപ്പിക്കുന്ന അപേക്ഷകൾ 30 ദിവസത്തിനുള്ളിൽ തീർപ്പാക്കി (അനുവദിക്കുക/നിരസിക്കുക) അപേക്ഷകനെ രേഖാമൂലം അറിയിക്കേണ്ടതാണ്. എന്നാൽ പ്രസ്തുത സമയപരിധി പല സന്ദർഭങ്ങളിലും പാലിച്ചിട്ടില്ലായെന്ന് അപേക്ഷ, പെർമിറ്റ് രജിസ്റ്റർ എന്നിവയുടെ പരിശോധനയിൽ വ്യക്തമായി. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| രജിസ്റ്ററിലെ ക്രമ നം. | അപേക്ഷ നം /തീയതി | അപേക്ഷകന്റെ പേര് വിലാസം | പെർമിറ്റ്നം/തീയതി |
|---|---|---|---|
| 206 | 356/16-17 | യമുന, സ്മിതാഭവൻ | 205A/16-17 |

| | | | |
|---|---|---|---|
| | 11.01.17 | | 21.02.2017 |
| 212 | 730/16-17<br>24.01.17 | വരുൺ, പുന്നംപതാലിൽ | 224/16-17<br>24.03.2017 |
| 221 | 818/16-17<br>27.01.17 | അനൂപ്, വിജയഭവൻ | 221/16-17<br>04.04.2017 |
| 232 | 730/16-17<br>24.01.17 | വി സി വിജയൻ,<br>വട്ടുകളത്തിൽ | 232/16-17<br>05.04.2017 |

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 15.09.2010 ലെ 71395/ആർ.എ2/2009 നം.സർക്കുലർ പ്രകാരം കെട്ടിട നിർമ്മാണ പെർമിറ്റ് ലഭിക്കുന്നതിനു സമർപ്പിക്കുന്ന അപേക്ഷകളിൽ ആക്ഷേപങ്ങളൊന്നും ഇല്ലാത്തപക്ഷവും മറ്റ് സ്ഥാപനങ്ങളിൽ നിന്ന് നിരാക്ഷേപ പത്രം വേണ്ടാത്തപക്ഷവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർക്ക് അപേക്ഷ കൈവശം വെച്ച് നടപടി സ്വീകരിക്കുന്നതിന് താഴെപ്പറയും പ്രകാരം സമയക്രമം നിശ്ചയിച്ചിട്ടുണ്ട്.

1.ഓഫീസിൽ ലഭിക്കുന്ന അപേക്ഷ രജിസ്റ്റർ ചെയ്ത് ബന്ധപ്പെട്ട ഓഫീസർക്ക് കൈമാറുന്നതിന് 2 ദിവസം

2. ഓവർസിയർ പരിശോധന പൂർത്തിയാക്കി ശുപാർശ സമർപ്പിക്കുന്നതിന് 7 ദിവസം

3 അസി.എഞ്ചിനിയർ/അസി.എക്സി.എഞ്ചിനിയർ ലെവലിലുള്ള പരിശോധനക്ക് 3 ദിവസം

4. സെക്രട്ടറിക്ക് 3 ദിവസം

5. പെർമിറ്റ്/നോട്ടീസ് പോസ്റ്റിൽ അയക്കുന്നത് വരെയുള്ള ഓഫീസ് നടപടിക്ക് 3 ദിവസം

എന്നാൽ പ്രസ്തുത സമയപരിധി പല സന്ദർഭങ്ങളിലും പാലിച്ചിട്ടില്ല. LSGD എ.ഇ/ഓവർസിയർക്ക് കൈമാറിയ ഫയലുകൾ തിരികെ ലഭിക്കുന്നതിൽ പലപ്പോഴും കാലതാമസം ഉണ്ടായിട്ടുള്ളതായി കാണുന്നു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| രജിസ്റ്റർ ക്രമ നം. | അപേക്ഷ നം /തീയതി | അപേക്ഷകന്റെ പേര് | ഫയൽ കൈമാറിയ തീയതി | ഫയൽ തിരികെ ലഭിച്ച തീയതി | പെർമിറ്റ്നം/തീയതി |
|---|---|---|---|---|---|
| 179 | 11873/<br>2.12.16 | വിബിൻ സ്കറിയ,<br>വടക്കേനാത്ത് | 2.12.16 | 09.05.2017 | പെർമിറ്റ്<br>നൽകിയിട്ടില്ല |
| 204 | 242/<br>09.01.17 | സജികുമാർ,<br>പുന്നാപറമ്പിൽ | 09.01.17 | 15.04.2017 | ,, |
| 271 | 2628/<br>23.03.17 | റിഷി അലക്സ്,<br>ചാലുവേലിൽ | 12.04.17 | 17.05.2017 | ,, |

ഇപ്രകാരം പെർമിറ്റിന് അപേക്ഷകളിൽ അമിതമായ കാലതാമസം വരുത്തുന്നത് ആശാസ്യമല്ല. 2011 ലെ കേരള പഞ്ചായത്ത് രാജ് (കെട്ടിടനിർമ്മാണം) ചട്ടങ്ങളിലെ ചട്ടം 14 പ്രകാരവും 15.09.2010 ലെ സർക്കുലർ പ്രകാരവുമുള്ള സമയപരിധി പാലിച്ച് അപേക്ഷകൾ തീർപ്പാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

2. കെട്ടിട നിർമ്മാണാനുമതി-രേഖകളുടെ സൂക്ഷിപ്പിലെ പോരായ്മകൾ

കെട്ടിട നിർമ്മാണാനുമതി അപേക്ഷയുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ തദ്ദേശസ്വയംഭരണ (ആർ.എ) വകുപ്പിന്റെ 02.12.2015 ലെ 12900/ആർ.എ1/2015 നം.സർക്കുലറിൽ വിശദമായി പ്രതിപാദിക്കുന്നുണ്ട്. തദ്ദേശസ്വയം ഭരണ വകുപ്പിന്റെ 20.06.2007 ലെ 24136/ആർ.എ1/2007 നമ്പർ സർക്കുലറിലെ അപ്പൻഡിക്സ് ഒന്നിൽ നിർദേശിച്ചിട്ടുള്ള നിർദ്ദിഷ്ട കെട്ടിട നിർമ്മാണ അപേക്ഷ രജിസ്റ്റർ തന്നെയാണ് പെർമിറ്റപേക്ഷകളുടെ വിവരങ്ങൾ രേഖപ്പെടുത്തുവാൻ ഉപയോഗിക്കുന്നത് എങ്കിലും അപേക്ഷ സംബന്ധിച്ച മുഴുവൻ

വിവരങ്ങളും ബന്ധപ്പെട്ട കോളങ്ങളിൽ രേഖപ്പെടുത്തുന്നില്ല. പെർമിറ്റ് അനുവദിക്കുന്നത് വരെയുള്ള വിശദാംശങ്ങൾ മാത്രമാണ് ഇതിൽ രേഖപ്പെടുത്തിയിട്ടുള്ളത്. തന്മൂലം നിർമ്മിതിയുടെ പൂർത്തീകരണം, നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കാത്ത പക്ഷം പെർമിറ്റ് പുതുക്കൽ, നികുതി നിർണ്ണയം തുടങ്ങിയ വിവരങ്ങൾ നിരീക്ഷിക്കാൻ സാഹചര്യമില്ല. കെട്ടിട നിർമ്മാണ പെർമിറ്റ് ഫയലിൽ തന്നെയാണ് പിന്നീട് ഇതുമായി ബന്ധപ്പെട്ട വിനിമയങ്ങൾ, നോട്ടീസുകൾ, ഉത്തരവുകൾ, നടപടിക്രമങ്ങൾ, പെർമിറ്റ്, പൂർത്തീകരണം, ഒക്യുപ്പൻസി, നികുതിനിർണ്ണയം വരെയുള്ള വിവരങ്ങൾ ഉണ്ടായിരിക്കേണ്ടത്. ഭൂരിഭാഗവും ഫയലുകൾ ഇപ്രകാരമാണ് പരിപാലിച്ചിട്ടുള്ളത് എങ്കിലും ചില സംഗതികളിൽ പെർമിറ്റിനും നമ്പറിംഗിനും വെവ്വേറെ ഫയലുകൾ പരിപാലിച്ചിട്ടുള്ളതായും കാണുന്നു. അനധികൃത കെട്ടിടനിർമ്മാണം, നികുതി ചോർച്ച എന്നിവ ഒഴിവാക്കുന്നതിന് മേൽപ്പറഞ്ഞ സർക്കുലറിലെ നിർദ്ദേശങ്ങൾക്കനുസൃതമായി രജിസ്റ്ററും ഫയലുകളും പരിപാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 ഐ.എസ്.ഒ.സർട്ടിഫിക്കേഷന്റെ ഭാഗമായി വാങ്ങിയ ഇൻഫർമേഷൻ കിയോസ്ക് ടച്ച് സ്ക്രീൻ ഉപയോഗിക്കുന്നില്ല

ഐ.എസ്.ഒ.സർട്ടിഫിക്കേഷന്റെ ഭാഗമായി ടോക്കൺ മെഷീൻ, ഇൻഫർമേഷൻ കിയോസ്ക് ടച്ച് സ്ക്രീൻ എന്നിവ ആർ.ജെ.എന്റർപ്രൈസ് കോട്ടയം എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിരുന്നു. ടോക്കൺ മെഷീന് 48600 രൂപയും, ടച്ച് സ്ക്രീൻ കിയോസ്കിന് 130000 രൂപ ഉൾപ്പടെ ആകെ 178600 രൂപയിൽ 10% കിഴിച്ച് 160800 രൂപ (ചെക്ക് നം.653324 തീ.31.3.17) ആർ.ജെ.എന്റർപ്രൈസിന് നൽകിയിട്ടുണ്ട്. എന്നാൽ നിലവിൽ ഗ്രാമപഞ്ചായത്തിൽ 130,000 രൂപയ്ക്ക് വാങ്ങിയ ടച്ച് സ്ക്രീൻ കിയോസ്ക് ഉപയോഗിക്കുന്നില്ല. ജനങ്ങൾക്ക് സേവനങ്ങൾ വളരെ വേഗം ലഭ്യമാക്കാൻ വേണ്ടിയാണ് ഇതുപോലെയുള്ള സംവിധാനങ്ങൾ ഗ്രാമപഞ്ചായത്ത് ഏർപ്പെടുത്തിയത്. ടച്ച് സ്ക്രീൻ കിയോസ്ക് സംവിധാനം ഉപയോഗിച്ച് ജനങ്ങൾക്ക് മെച്ചപ്പെട്ട സേവനങ്ങൾ ലഭ്യമാക്കാൻ വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്.

### 3-2 പൊതുടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്തുന്നതിന് കേരള ജലഅതോറിറ്റിയുമായി സംയുക്ത പരിശോധന നടത്തിയിട്ടില്ല

പൊതുടാപ്പുകളുടെ വെള്ളക്കരമിനത്തിൽ 55 ടാപ്പുകൾക്ക് പ്രതിവർഷം 5250 രൂപ നിരക്കിൽ പ്രതിമാസം 24063രൂപ ഗ്രാമപഞ്ചായത്ത് അടവാക്കി വരുന്നു. കേരള ജലഅതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 14.3.2017 ലെ PDK/AB4-720/2012 കത്തിൽ ചിറക്കടവ് പഞ്ചായത്തിലെ പൊൻകുന്നം ഏരിയയിലെ വിതരണ ശൃംഖലയുടെ പണികൾ തീർന്നുവരുന്നുവെന്നും, അവിടെ നിലവിൽ കൊടുക്കേണ്ട പൊതുടാപ്പുകളുടെ എണ്ണവും സ്ഥലവും തീരുമാനിച്ചു തരണമെന്നും ആവശ്യപ്പെട്ടിരുന്നു. മേൽ കത്ത് പഞ്ചായത്ത് കമ്മിറ്റിയുടെ പരിഗണനയ്ക്ക് വച്ചപ്പോൾ പഞ്ചായത്തിൽ നിലവിലുള്ള പൊതുടാപ്പുകൾ സംബന്ധിച്ച് സംയുക്ത പരിശോധന നടത്തുന്നതിന് നടപടികൾ സ്വീകരിക്കണമെന്ന് ജലഅതോറിറ്റി അസിസ്റ്റന്റ് എഞ്ചിനീയറോട് അഭ്യർത്ഥിയ്ക്കാൻ തീരുമാനിച്ചിരുന്നു. പഞ്ചായത്ത് കമ്മിറ്റിയുടെ മേൽ തീരുമാനത്തിന്മേൽ സ്വീകരിച്ച തുടർ നടപടികളുടെ വിശദാംശങ്ങൾ അറിയിക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടിയായി ജലഅതോറിറ്റിയ്ക്ക് കത്ത് നൽകിയിട്ടുണ്ടെന്നും അതു സംബന്ധിച്ചുള്ള അറിയിപ്പുകളൊന്നും അതോറിറ്റിയിൽ ലഭിച്ചിട്ടില്ലെന്നും അറിയിച്ചു. വീണ്ടും കത്ത് നൽകി പരിശോധനയ്ക്കുള്ള സത്വര നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിരുന്നു. എത്രയും വേഗം ജലഅതോറിറ്റിയുമായി സംയുക്ത പരിശോധന നടത്തി വാട്ടർചാർജിനത്തിൽ അധിക തുക അടവാക്കുന്നത് ഒഴിവാക്കേണ്ടതാണ്.

### 3-3 ശബരിമല തീർത്ഥാടനം-സ്പെഷ്യൽ ഗ്രാന്റ് ചെലവഴിക്കാതെ അവശേഷിക്കുന്നു

ശബരിമല മണ്ഡല-മകരവിളക്ക് ഉത്സവത്തിനോടനുബന്ധിച്ച് ഗ്രാമപഞ്ചായത്തുകൾ നടപ്പാക്കേണ്ട ശുചീകരണ പ്രവർത്തനങ്ങൾ, വഴിവിളക്കുകൾ, നദിക്കടവിലെ മുന്നറിയിപ്പുകൾ തുടങ്ങിയവയ്ക്കും അടിസ്ഥാന സൗകര്യങ്ങൾ വിപുലപ്പെടുത്തുന്നതിനുമായി തൻവർഷം പഞ്ചായത്തിന് 5,00,000/- രൂപ ലഭിച്ചിരുന്നു. മുൻ വർഷം ഈയിനത്തിൽ ലഭിച്ച തുകയിൽ 388945 രൂപയുടെ നീക്കിയിരുപ്പുണ്ടായിരുന്നു. തൻവർഷം ശബരിമല സ്പെഷ്യൽ ഫണ്ടിൽ നിന്നും 507269 രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. ശബരിമല സ്പെഷ്യൽ ഗ്രാന്റ് 381676 രൂപ ചെലവഴിയ്ക്കാതെ

അവശേഷിക്കുന്നു. സർക്കാർ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രത്യേക ഉദ്ദേശ്യ പദ്ധതികൾക്കായി ലഭ്യമാക്കുന്ന ഫണ്ടുകൾ സമയബന്ധിതമായി ചെലവഴിക്കാതെ നിഷ്ക്രിയമായി സൂക്ഷിക്കുന്നത് ശരിയായ നടപടിയല്ല. ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് 15.07.2017 ൽ നൽകിയ 12-ാം നമ്പർ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ഹാജരാക്കിയിട്ടില്ല. ശബരിമല സ്പെഷ്യൽ ഗ്രാന്റ് തീർത്ഥാടകർക്ക് പ്രയോജനപ്പെടുന്ന വിധം വിനിയോഗിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-4 ഭവന നിർമ്മാണം-ഗുണഭോക്താവിന് അധികനിരക്കിൽ ധനസഹായം നൽകി

വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ (പൊൻകുന്നം സർക്കിൾ) നിർവ്വഹണോദ്യോഗസ്ഥനായി ഭവനനിർമ്മാണം വനിത (എസ്.ഒ.094/17) പ്രൊജക്ട് നടപ്പാക്കിയപ്പോൾ ഗുണഭോക്താവിന് സബ്സിഡി മാനദണ്ഡങ്ങളിൽ നിഷ്കർഷിച്ചിരിക്കുന്നതിലും അധികനിരക്കിൽ ധനസഹായം നൽകിയിട്ടുള്ളതായി കാണുന്നു. ജി.ഒ.(എം.എസ്.) 4/2016 ത.സ്വ.ഭ.വ 11.1.2016 സബ്സിഡി മാനദണ്ഡങ്ങൾ പ്രകാരം ജനറൽ വിഭാഗത്തിൽപെട്ട ഗുണഭോക്താക്കൾക്ക് ഭവനനിർമ്മാണത്തിന് 2,00,000/-രൂപയാണ് സബ്സിഡി അനുവദിച്ചിട്ടുള്ളത്. എന്നാൽ ഉമാ രാജപ്പൻപിള്ള, കൊണ്ടാട്, ചിറക്കടവ് എന്ന ഗുണഭോക്താവിന് നൽകിയ തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ബിൽനമ്പർ, തീയതി, ആകെത്തുക | ശ്രീമതി ഉമാരാജപ്പൻ പിള്ളക്ക് നൽകിയത് |
|---|---|
| 2/16-17,14-12-16, 20000/- | 20000/- |
| 5/16-17,24-1-17, 60000/- | 60000/- |
| 13/16-17,31-1-17 120000/- | 60000/- |
| 18/16-17,28-2-17, 20000/- | 20000/- |
| 24/16-17,27-3-17, 80000/- | 30000/- |
| 1/17-18,18-4-17, 90000/- | 30000/- |

ആകെ നൽകിയത് --220000/-

സർക്കാർ മാനദണ്ഡങ്ങളിൽനിന്നും വ്യതിചലിച്ച് ഗുണഭോക്താവിന് 20000/-രൂപ അധികമായി നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് 15.07.2017 ൽ നൽകിയ 10-ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. അധികമായി ചെലവഴിച്ച 20000/- രൂപ തിരികെ ഈടാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-5 റോഡ് ടാറിംഗ്/ റീ ടാറിംഗ് പ്രവൃത്തികൾ- കാലി വീപ്പയുടെ വില ഈടാക്കിയിട്ടില്ല

ഗ്രാമ പഞ്ചായത്തിന്റെ 2016-17 വാർഷിക പദ്ധതിയിൽ നടപ്പാക്കിയ റോഡ് ടാറിംഗ്/ റീ ടാറിംഗ് പ്രവൃത്തികളിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത് പായ്ക്ക് ചെയ്ത ടാറിന്റെ വില ഉൾപ്പെടുത്തിയ ഡാറ്റ ഉപയോഗിച്ചാണ്. എന്നാൽ ബിൽ തയ്യാറാക്കിയപ്പോൾ കാലി വീപ്പയുടെ വില ഈടാക്കിയതായി കാണുന്നില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രോജക്ട് നം / പേര് | ഉപയോഗിച്ച ടാറിന്റെ അളവ് /വീപ്പയുടെ എണ്ണം | ഈടാക്കേണ്ടിയിരുന്ന തുക |
|---|---|---|
| 195/17, അട്ടിക്കൽ പഴയ ചന്ത റോഡ് റീ ടാറിംഗ് | 1312.5 kg ( 8 വീപ്പ ) | 8 x 268 = 2144 രൂപ |
| 157/17, അട്ടിക്കൽ തമ്പലക്കാട് റോഡ് മെയിന്റനൻസ് | 2676.8 kg (17 വീപ്പ) | 17 x 268 = 4556 രൂപ |
| 124/17, തെക്കേത്തുകവല പേരൂർകവല റോഡ് മെയിന്റനൻസ് | 3771.4 kg (24 വീപ്പ ) | 24 x 268 = 6432 രൂപ |
| | ആകെ | 13132 രൂപ |

ക്രമ നം 1ൽ ആകെ വേലമൂല്യം 148616 രൂപയിൽ നിന്നും ടെണ്ടർ വ്യതിയാനം 2.5%( 3715) കുറവ് ചെയ്താൽ ബിൽ തുക 144901 രൂപയാണ്. എന്നാൽ ബില്ല് മാറിയത് 145000 രൂപ (ബിൽ നം. 77/16-17/ 30.3.17). അധികച്ചെലവ് 99

രൂപ.
ക്രമ നം 2ൽ ആകെ വേലമൂല്യം 299762 രൂപയിൽ നിന്നും ടെണ്ടർ വ്യതിയാനം 0.01%( 30) കുറവ് ചെയ്താൽ ബിൽ തുക 299732 രൂപയാണ്. എന്നാൽ ബില്ല് മാറിയത് 299762 രൂപ (ബിൽ നം. 84/16-17/ 30.3.17). അധികച്ചെലവ് 30 രൂപ.

മേൽ അപാകതകൾ സംബന്ധിച്ച് വിശദീകരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.4) മറുപടി ലഭ്യമാക്കിയതിൽ അധികം നൽകിയ തുക ബന്ധപ്പെട്ടകരാറുകാരിൽ നിന്നും തിരികെ ഈടാക്കുന്നതാണ് എന്ന് അറിയിച്ചു. അധികം നൽകിയ തുക തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-6 ഹോമിയോ ആയുർവ്വേദാശുപത്രികകൾക്ക് മരുന്ന് വാങ്ങൽ--മരുന്ന് മുഴുവൻ ലഭിച്ചില്ല

ഹോമിയോ ആയുർവ്വേദാശുപത്രികൾക്ക് മരുന്ന് വാങ്ങലിനായി 2016-17 ൽ ചുവടെ ചേർക്കും പ്രകാരം പ്രോജക്ടുകൾ തയ്യാറാക്കിയിരുന്നു.

| ക്രമ.നം. | പ്രോജക്ട് | നിർവ്വഹണ ഉദ്യോഗസ്ഥൻ | അടങ്കൽ | ചെലവ് |
|---|---|---|---|---|
| 1 | നം.161/17<br>ഹോമിയോ ആശുപത്രിയ്ക്ക് മരുന്ന് വാങ്ങൽ | മെഡിക്കൽ ഓഫീസർ,<br>ഹോമിയോ | 1,50,000 | 1,50,000 |
| 2 | നം.203/17<br>ആയുർവ്വേദ ഡിസ്പെൻസറിയ്ക്ക് മരുന്ന് വാങ്ങൽ | മെഡിക്കൽ ഓഫീസർ,<br>ആയുർവേദം | 3,50,000 | 3,50,000 |
| 3 | നം.202/17<br>സബ്സെന്ററുകൾക്ക് മരുന്ന് വാങ്ങൽ | | 3,50,000 | 3,50,000 |

ഹോമിയോ ഡിസ്പെൻസറിയിലേയ്ക്ക് മരുന്ന് വാങ്ങുന്നതിനായി പ്രോജക്ട് പ്രകാരം ഡി.ഡി.നം.584127/11.01.17 ആയി 1,50,000/- രൂപ കേരള സംസ്ഥാന ഹോമിയോപ്പതിക് കോപ്പറേറ്റീവ് ഫാർമസിയ്ക്ക് നൽകിയെങ്കിലും ഓഡിറ്റ് തീയതി വരെ (17.07.17) 44,520/- രൂപയുടെ മരുന്ന് മാത്രമേ ലഭിച്ചിട്ടുള്ളൂ. 1,05,480/- രൂപയുടെ മരുന്ന് ലഭിക്കാത്ത സാഹചര്യത്തിൽ ഇത്രയും തുകയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.
ക്രമ നം.2,3 ൽ പറഞ്ഞ പ്രോജക്ടുകൾ പ്രകാരം ഔഷധിയ്ക്ക് 7 ലക്ഷം രൂപ നൽകിയെങ്കിലും രാസ്നേരണ്ടാദി കഷായച്ചൂർണ്ണം 500 ഗ്രാം, 10 പായ്ക്കറ്റ് വില 990/- രൂപ, ചാർങ്ങേദ്യാദി ഗുളിക 100 എണ്ണം 316/- രൂപ എന്നിവ ലഭ്യമായിട്ടില്ല. ആകെ 1306/- രൂപയുടെ മരുന്നുകൾ ലഭിക്കാത്തതിനാൽ 1306/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-7 വിവിധ നിക്ഷേപ പ്രവൃത്തികളുടെ വിനിയോഗവിവരം ലഭ്യമല്ല

2016-17 സാമ്പത്തിക വർഷം വിവിധ നിക്ഷേപ പ്രവൃത്തികൾക്കായി വിവിധ ഏജൻസികളിൽ നിക്ഷേപിച്ച തുകയുടെ വിനിയോഗ സാക്ഷ്യപത്രം നാളിതുവരെ ലഭിച്ചിട്ടില്ല.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര്, പ്രോജക്ട് നം. | നിക്ഷേപിച്ച തുക | നിർവ്വഹണ ഏജൻസി | ഡിഡി.നം./<br>ബിൽ നം./തീയതി |
|---|---|---|---|---|
| 1. | എസ്.എസ്.എ,24/17 | 11092923 | ജില്ലാ പ്രോജക്ട് ഓഫീസർ, എസ്.എസ്.എ,കോട്ടയം | 083611/ 31.12.16 |
| 2. | ജില്ലാപ്ലാനിംഗ് ഓഫീസ് കെട്ടിട നിർമ്മാണം<br>101/17 | 200,000 | മെമ്പർ സെക്രട്ടറി ജില്ലാ പ്ലാനിംഗ് കമ്മിറ്റി | 584372/4.2.2017 |
| 3. | കന്നുകുട്ടി പരിപാലനം 0011/17 | 468750 | അസിസ്റ്റന്റ് ഡയറക്ടർ കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം | ബിൽ നം.2/16-17<br>തീ.12.2.2017<br>(168750 രൂപ)<br>ചെക്ക് നം.6093425<br>തീ.6.3.17 (3,00,000) |

| | | | | |
|---|---|---|---|---|
| | | 1771673 | | |

വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ 1771673/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നല്കിയ സ്ഥാപനം | തുക ലഭിച്ച തീയതി | ലഭിച്ച തുക | പ്രോജക്റ്റിന്റെ പേര് | ചെലവ് | ബാക്കി. |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത്. | -- | 200000 | ശാരീരികമാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്. | 80100 | 119900 |

### 4-2. ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഡെപ്പോസിറ്റ് വർക്കിനായി തുക നല്കിയിട്ടില്ല.

### 4-3. മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

മൊബിലൈസേഷൻ അഡ്വാൻസ് നല്കിയിട്ടില്ല.

### 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 60,000 രൂപവരവുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ, തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| സമ്പൂർണ്ണ ഭവന പദ്ധതി | 87946/ഡി.ബി.1/13/ത. സ്വ.ഭ.വ. തീ.11.2.14 &സ.ഉ(എം.എസ്)83/13 /ത.സ്വ.ഭ.വ തീ.11.3.15 | 6000000 | 2914860 | 800000 | - | 2174860. |

### 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിലുണ്ടായിരുന്നത് | 12412025.66 |
| തൻവർഷം നിക്ഷേപിച്ച തുക (പലിശ വരവ്) | 990250.34 |
| ആകെ | 13402276 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല. |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 13402276 |

| സ്ഥിര നിക്ഷേപത്തിന്റെ വിവരം | തുക | കാലാവധി | പലിശ % |
|---|---|---|---|
| സിൻഡിക്കേറ്റ് ബാങ്ക് അക്കൗണ്ട് നം.4352458000015 | 13402276 | 1 വർഷം 15.07.16 മുതൽ 14.07.17 | 7% |

## 4-6. ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ തുകയില്ല.

## 4-7. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ ഇല്ല.

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 65725433 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 51468473 |
| വരവിനങ്ങളിലുള്ള നഷ്ടം | 4750 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 20129 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1878459 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-3 | 4500 | | ശ്രീ.പി.എച്ച്.ഷാജിഗാൻ, സെക്രട്ടറി ഇൻ-ചാർജ്ജ് |
| 3-4 | | 20000 | ശ്രീ.സജി മോഹൻദാസ്, വി.ഇ.ഒ. |
| 3-5 | | 129 | ശ്രീ.ദിലീപ്കുമാർ എ.റ്റി, അസി.എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-7 | 1102923 | ശ്രീ.ഷാജിഗാൻ പി.എച്ച്, അസി.സെക്രട്ടറി |
| | 200000 | ശ്രീ.രാധാകൃഷ്ണൻ നായർ, സെക്രട്ടറി |
| | 468750 | ശ്രീ.ഡെന്നീസ് തോമസ്, വെറ്ററിനറി സർജൻ |
| 3-6 | 105480 | ഡോ.റോയി മാത്യു, മെഡിക്കൽ ഓഫീസർ, ഹോമിയോ |
| | 1306 | ഡോ.ബീന കെ.ദാസ്, മെഡിക്കൽ ഓഫീസർ, ആയുർവേദം |
| ആകെ | 1878459 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ഷാജിഗാൻ പി.എച്ച്,<br>സെക്രട്ടറി ഇൻ-ചാർജ്ജ് | അസി.സെക്രട്ടറി,<br>ചിറക്കടവ് ഗ്രാമപഞ്ചായത്ത് | വലിയവീട്ടിൽ,<br>കാഞ്ഞിരപ്പള്ളി പി.ഒ. |
| ശ്രീ.സജിമോഹൻ ദാസ്, വി.ഇ.ഒ. | വി.ഇ.ഒ, ചിറക്കടവ് ഗ്രാമപഞ്ചായത്ത് | നരിക്കുഴിമൂല വീട്, |

| | | |
|---|---|---|
| | | കുന്നിക്കോട് പി.ഒ, കൊല്ലം |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1989-90& 1990-91 | എൽ.എഫ്.കെ.പി3-1245/94/3.5.94/12.7.94 | - |
| 1991-92& 1992-93 | എൽ.എഫ്.കെ.പി5-712/96/15.4.97/5.7.97 | |
| 1993-94 | എൽ.എഫ്.കെ.പി3 – 514/97/27.2.98/8.3.99 | |
| 1994-95 | എൽ.എഫ്.കെ.പി3 – 449/99/21.6.99/9.8.99 | |
| 1996-97 | എൽ.എഫ്.കെ.പി4 –930/2000/15.11.00/4.12.00 | |
| 1997-98 (ചെലവ്) | എൽ.എഫ്.കെ.പി4 – 68/00/9.5.00/8.7.02 | |
| 1999-00 | എൽ.എഫ്.കെ.പി5 – 380/Ada/14/29.5.14 | 15 |
| 2000-01 | എൽ.എഫ്.കെ.പി4 – 179/03/10.10.03/6.12.03 | |
| 2001-02 | എൽ.എഫ്.കെ.പി4 – 648/04/14.2.05/1.8.05 | |
| 2002-03 (ചെലവ്) | എൽ.എഫ്.കെ.പി4 – 673/05/16.12.05/6.2.06 | |
| 2003-04 (ചെലവ്) | എൽ.എഫ്.കെ.പി11 – 681/06/23.12.06/16.1.07 | |
| 1998-99 | എൽ.എഫ്.കെ.പി11 – 1064/07/25.2.08/4.4.08 | |
| 2002-03 | എൽ.എഫ്.കെ.പി5 – 1065/07/26.5.08/30.7.08 | |
| 2003-04 | എൽ.എഫ്.കെ.പി5 – 1066/07/26.5.08/30.7.08 | |
| 2004-05 | എൽ.എഫ്.കെ.പി5 – 1044/07/26.5.08/30.7.08 | |
| 2005-06 | എൽ.എഫ്.കെ.പി5 – 143/09/11.11.15 | 5 |
| 2006-07 | എൽ.എഫ്.കെ.പി5 – 64/09/11.11.15 | 5 |
| 2007-08 | എൽ.എഫ്.കെ.പി5 – 435/10/11.11.15 | 3 |

| | | |
|---|---|---|
| 2008-09 | എൽ.എഫ്.കെ.പി5 – 436/10/11.11.15 | 2 |
| 2009-10 | എൽ.എഫ്.കെ.പി5 – 694/11/4.12.12 | |
| 2010-11 | എൽ.എഫ്.കെ.പി5 – 1646/13/30.1.14 | |
| 2011-12 | എൽ.എഫ്.കെ.പി5 – 497/13/12.7.14 | |
| 2012-13 | എൽ.എഫ്.കെ.പി5 – 1500/14/29.2.16 | 15 |
| 2013-14 | കെ.എസ്.എ.കെ.ടി.എം പി5/319/2017/തീ.02.06.17 | 27 |
| 2014-15 | കെ.എസ്.എ.കെ.ടി.എം പി5/1046/16/26.7.16 | 35 |
| 2015-16 | കെ.എസ്.എ.കെ.ടി.എം പി5/1944/16/09.01.17 | 35 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

## അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ-കെ.ടി.എം.പി5/1208/17 കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം.
ഫോൺ: 04812564886
ഇ-മെയിൽ: doktm.ksad@kerala.gov.in
തീയതി: 07.08.2017

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും കോട്ടയം ജില്ലയിലെ ചിറക്കടവ് ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യസ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ചിറക്കടവ് ഗ്രാമപഞ്ചായത്തിന്റെ 2016-17-ലെ വാർഷിക ധനകാര്യപത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിയ്ക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം